നമ്പർ. ICPS-1/8476/15 (2)

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം
തീയതി: 16.06.2015

# സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ്- ICPS – SARA യുടെ ചുമതലകളും ഉത്തരവാദിത്ത്വങ്ങളും- SAAകൾക്കുള്ള നിർദ്ദേശങ്ങളും സംബന്ധിച്ച്-

സൂചന:- 1. 22.05.2015 ന് സാമൂഹ്യനീതി ഡയറക്ടറുടെ ചേമ്പറിൽ കൂടിയ യോഗ തീരുമാനം.
2. ഈ ഓഫീസിലെ ഇതേ തീയ്യതിലെ ICPS -1/ 8476 /15 (1) നമ്പർ ഉത്തരവ്

സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA)യുടെ ചുമതലകളും ഉത്തരവാദിത്ത്വങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള സൂചന രണ്ടിലെ ഉത്തരവിന്റെ വെളിച്ചത്തിൽ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി(SAA)കൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ഇൻകൺട്രി/ഇന്റർ കൺട്രി അഡോപ്ഷൻ ലൈസൻസിനുള്ള അപേക്ഷകൾ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ നേരിട്ട് SARA യ്ക്ക് സമർപ്പിയ്ക്കണം.

2. SAAകൾ ഗ്രാന്റ് ഇൻ എയ്ഡിനുള്ള അപേക്ഷകൾ SARA യുടെ പ്രോഗ്രാം മാനേജർക്ക് സമർപ്പിയ്ക്കേണ്ടതും, ആയതിന്റെ ഒരു കോപ്പി SCPSലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. SARA പ്രോഗ്രാം മാനേജർ അപേക്ഷകൾ പരിശോധിയ്ക്കുകയും പരിശോധനാ റിപ്പോർട്ടിനായി ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് (DCPO) അയച്ചുകൊടുക്കേണ്ടതുമാണ്. DCPO യുടെ പരിശോധന റിപ്പോർട്ട് ലഭിച്ചതിനുശേഷം അനുവദിയ്ക്കാവുന്ന തുകയടക്കമുള്ള വ്യക്തമായ ശുപാർശകളോടെ ഗ്രാന്റ് അപേക്ഷകൾ SARA പ്രോഗ്രാം മാനേജർ SCPSന് സമർപ്പിയ്ക്കേണ്ടതുമാണ്.

3. സ്ഥാപനേതര സംരക്ഷണം സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ, പരാതികൾ, നിവേദനങ്ങൾ എന്നിവ SARA യ്ക്ക് നേരിട്ട് സമർപ്പിയ്ക്കണം.

Hari Mathis

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

എല്ലാ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾക്കും